സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ്.

* 596. [61] ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ അസിസ്റ്റന്റുമാരുടെയും, ഫീൽഡ് അസിസ്റ്റന്റുമാരുടെയും പ്രവർത്തനപരിധിയിൽ ഏതെല്ലാം വിഷയങ്ങളുടെ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നുണ്ട്;

(ബി) ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഗവണ്മെന്റിനു് ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ നിലവിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റാഫീസുകളിൽ കൂടുതൽ സ്റ്റാഫിനെയും, ശിപായിമാരെയും നിയമിക്കുന്നതിനു് ശ്രമിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റുമാരും, ഫീൽഡ് അസിസ്റ്റന്റുമാരും താഴെ വിവരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നുണ്ടു്.

(1) ഭൂവിനിയോഗത്തെ സംബന്ധിച്ചു് അറിവാനായി നടത്തുന്ന സർവ്വെ. (Land utilisation Survey)

(2) കാർഷികപ്രാധാന്യമുള്ള ഉൽപ്പന്നങ്ങളുടെ വിളവു് അറിയുവാനായി നടത്തുന്ന സർവ്വെ. (Crop-cutting Survey on major crops.)

(3) സാധനങ്ങളുടെ വിലശേഖരണം.

(4) സാമുദായികവും, സാമ്പത്തികവുമായ പ്രശ്നങ്ങളെ മുൻനിറുത്തി നടത്തുന്ന മറ്റുപല സർവ്വെകൾ.

അവയിൽ പ്രധാനപ്പെട്ടവ:

(എ) ജനവിഭാഗത്തിലെ എല്ലാ ഘടകങ്ങളുടെയും, ജീവിതനിലവാരത്തെപ്പറ്റി അറിയുവാനായി നടത്തുന്ന സർവ്വെ.

(ബി) ഓരോ വിളവുകൾക്കും വേണ്ടിവരുന്ന ചെലവു മനസിലാക്കാൻ നടത്തുന്ന സർവ്വെ.

(സി) തൊഴിലില്ലായ്മയുടെ വ്യാപ്തി മനസ്സിലാക്കാൻ നടത്തുന്ന സർവ്വെ.

(ഡി) ഭൂവുടമയെപ്പറ്റി മനസ്സിലാക്കാൻ നടത്തുന്ന സർവ്വെ

(ഇ) ഭൂവുടമകളുടെ കനേഷുമാരി.

(ബി) ഉണ്ടു്.

(സി) ആവശ്യമെന്നു തോന്നുമ്പോൾ ഇപ്പോഴുള്ള സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർമാരെ സഹായിക്കാൻ കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly